നമ്പർ 329/2019

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ വടക്കൻ മേഖലാ മെത്രാസനങ്ങളിലെ എല്ലാ പള്ളികളിലെയും വികാരിമാരും സഹപട്ടക്കാരും പള്ളിക്കൈസ്ഥാനികളും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
മലങ്കര സഭയെ ശാശ്വത സമാധാനത്തിന്റെ തുറമുഖത്തേയ്ക്ക് നയിക്കുവാനുള്ള പ്രഖ്യാപനം എന്ന പോലെയാണ് 2017 ജൂലൈ 3-ലെ ബഹു. സുപ്രീംകോടതി വിധി ഉണ്ടായത്. നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിവിധ ദേവാലയങ്ങളിൽ വിധി നടപ്പിലാക്കി വരികയാണ്. എന്നാൽ കോതമംഗലം മർത്തോമ്മൻ ചെറിയപള്ളി തുടങ്ങിയ ദേവാലയങ്ങളിൽ വിധി നടപ്പിൽ വരുത്തുന്നതിന് വിഘാതമായി സർക്കാർ സംവിധാനങ്ങൾ ഉൾപ്പെടെ നിലകൊള്ളുന്നത് പ്രതിഷേധാർഹമാണ്. വിധി നടപ്പിലാക്കപ്പെട്ടതും വിധി നടത്തിപ്പിലേക്ക് പ്രവേശിക്കുന്നതുമായ പല ദേവാലയങ്ങളിലും വിഘടിത വിഭാഗം സായുധ അക്രമവും കൈയ്യേറ്റവും മോഷണവും തുടർക്കഥയാക്കുന്നു. ഈ സാഹചര്യത്തിലും സർക്കാരിന്റെ ക്രമസമാധാന സംവിധാനങ്ങൾ നോക്കുകുത്തികളായി അക്രമികൾക്ക് മൗനസമ്മതം നൽകുന്ന തരത്തിൽ പെരുമാറുന്നതായി കണ്ടുവരുന്നു. ഇത് സുപ്രീംകോടതി വിധിയുടെ നഗ്നമായ ലംഘനവും പരിശുദ്ധ സഭയോടുള്ള നീതി നിഷേധവുമാണ്. സംയമനം പാലിച്ചുകൊണ്ട് ആത്മീയതയുടെയും നിയമത്തിന്റെയും വഴിയിൽ നീതി തേടിയ പ. സഭയുടെ ആസ്ഥാനമായ ദേവലോകം അരമനയുടെ നേർക്കുവരെ ഭീഷണിയുടെയും അക്രമത്തിന്റെയും വാൾമുന നീങ്ങുമ്പോൾ ഇനിയും നമുക്ക് നിഷ്ക്രിയരായി നിൽക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഈ നീതി നിഷേധത്തിനെതിരെ ശക്തമായ പ്രതിഷേധം സഭാതലത്തിൽ സംഘടിപ്പിക്കുവാൻ നാം നിർബന്ധിതമാവുകയാണ്. ഈ വരുന്ന ഞായറാഴ്ച, 2019 നവംബർ മാസം 17-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് മലങ്കര സഭയുടെ കോട്ടയം, കോട്ടയം സെൻട്രൽ, കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, അങ്കമാലി, കൊച്ചി, കുന്നംകുളം, തൃശൂർ എന്നീ മെത്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ കോലഞ്ചേരി പ്രസാദം സെന്ററിന്റെ അങ്കണത്തിൽവച്ച് ഒരു പ്രതിഷേധ സമ്മേളനം ക്രമീകരിച്ചിരിക്കുകയാണ്. കുത്സിത മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് സുപ്രീംകോടതി വിധി നടപ്പിൽ വരുത്താതിരിക്കുവാൻ ശ്രമിക്കുന്നവർക്കും അക്രമികൾക്ക് പ്രോത്സാഹനം നൽകുന്ന തരത്തിലുള്ള അധികാരികളുടെ സമീപനത്തോടും പരിശുദ്ധ സഭയുടെ പ്രതിഷേധം രേഖപ്പെടുത്തുവാൻ ചേരുന്ന ഈ യോഗത്തിൽ മലങ്കര സഭാ മക്കളുടെ മുഴുവനും, പ്രത്യേകാൽ വടക്കൻമേഖലാ മെത്രാസനങ്ങളുടെ, സാന്നിധ്യം ഉണ്ടാകണമെന്ന് നാം നിർബന്ധപൂർവ്വം നിങ്ങളോട് ആവശ്യപ്പെടുന്നു. പള്ളിച്ചെലവിൽ വാഹനങ്ങൾ ക്രമീകരിച്ച് യോഗത്തിൽ പരമാവധി ആളുകൾ വന്ന് സംബന്ധിക്കേണ്ടതാണ്. സമയപരിമിതി മൂലം മീറ്റിംഗിന്റെ മറ്റ് ക്രമീകരണങ്ങൾ സമൂഹ-പത്രമാധ്യമങ്ങളിലൂടെ നിങ്ങളെ അറിയിക്കുന്നതനുസരിച്ച് എല്ലാവരും ഈ യോഗം വിജയപ്രദമാക്കുവാൻ ആത്മാർത്ഥമായി സഹകരിക്കണമെന്ന് നാം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 നവംബർ മാസം 12-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.